# ജൈനമതസ്വാധീനം തെക്കേ ഇന്ത്യയിൽ - തിരുച്ചരണത്ത് മല ക്ഷേത്രത്തെ ആസ്പദമാക്കി ഒരു പഠനം

**ഡോ. ബിജികുമാരി പി.**
അസ്സോസിയേറ്റ് പ്രൊഫസർ
ചരിത്രവിഭാഗം, ഗവ. കോളജ്,
നെടുമങ്ങാട്
E-mail: bijikumaryp@gmail.com

**സംഗ്രഹം**

ബ്രാഹ്മണ മേധാവിത്വത്തിനെതിരെ രൂപംകൊണ്ട ബുദ്ധജൈനമതങ്ങൾ ക്രമേണ ഇന്ത്യയിലുടനീളം വ്യാപിച്ചു. ബി.സി മൂന്നാം നൂറ്റാണ്ടിൽ കർണ്ണാടകയിൽനിന്നും തെക്കേഇന്ത്യയിലെ മറ്റ് പ്രദേശങ്ങളിലേക്ക് സ്വാധീനമുറപ്പിച്ച ജൈനസന്യാസിമാർ സ്ഥാപിച്ച പല ക്ഷേത്രങ്ങളും പിന്നീട് ഹിന്ദുക്ഷേത്രങ്ങളായി മാറി. തിരുച്ചരണത്ത് മലക്ഷേത്രം അതിന് ഉദാഹരണമാണ്. എന്നാൽ പ്രതിബന്ധങ്ങളെ അതിജീവിച്ച് ഇന്നും ജൈനക്ഷേത്രങ്ങളായി നിലകൊള്ളുന്നവയുമുണ്ട്. കർണ്ണാടകയിലെ ശ്രാവണബെലഗോള, തമിഴ്നാട്ടിലെ നാഗർകോവിൽ നാഗരാജക്ഷേത്രം എന്നീ ജൈന ക്ഷേത്രങ്ങൾ ശില്പചാരുതയിൽ പ്രസിദ്ധമാണ്. കേരളത്തിൽ വയനാട്, പാലക്കാട്, കാസർകോഡ് ജില്ലകളിൽ പ്രസിദ്ധമായ ജൈനക്ഷേത്രങ്ങളുണ്ട്. ചരിത്രപൈതൃക മുൾക്കൊള്ളുന്ന തിരുച്ചരണത്ത് മല ദേവീക്ഷേത്രം പഴയകാലത്തെ പ്രമുഖമായ ജൈന ക്ഷേത്രമായിരുന്നുവെന്ന് പ്രസ്തുത പഠനത്തിലൂടെ മനസ്സിലാക്കാം.

**താക്കോൽവാക്കുകൾ:** ജൈനമതം, മഹാവീരൻ, ദിഗംബരൻമാർ, ശാസനങ്ങൾ, ഭട്ടാരിയർ.

ബി.സി. അഞ്ചാം നൂറ്റാണ്ടിൽ വടക്കേ ഇന്ത്യയിൽ രൂപംകൊണ്ട രണ്ടു പ്രധാന മത വിഭാഗങ്ങളാണ് ബുദ്ധമതവും ജൈനമതവും. ഹിന്ദുമതത്തിന്റെ ഭാഗമായി നിലനിന്നിരുന്ന മൃഗബലി, ബ്രാഹ്മണ മേധാവിത്വം, ആചാരാനുഷ്ഠാനങ്ങൾ എന്നിവക്കെതിരെ രൂപംകൊണ്ട ഈ മതങ്ങളിലേക്ക് സാധാരണക്കാർ ആകൃഷ്ടരായി. പ്രാദേശിക ഭാഷകളായ പാലി, പ്രാകൃത് ഇവയുടെ ഉപയോഗം മൂലം മതപരമായ ആശയങ്ങൾ പെട്ടെന്ന് ജനങ്ങളിലെത്തുന്നതിനു കാരണമായി. നിരവധി രാജാക്കന്മാരും മതപ്രചാരകരായി മാറിയതോടെ ഇന്ത്യയുടെ മറ്റ് ഭാഗങ്ങ

 ISSN: 2582 - 2594

ളിലേക്ക് പുതിയ മതങ്ങൾ വ്യാപിച്ചു. ബി.സി മൂന്നാം നൂറ്റാണ്ടിൽ തെക്കേ ഇന്ത്യയിലേയ്ക്കുള്ള ജൈനമത പ്രചാരണത്തിന് നേതൃത്വം നൽകിയത് മൗര്യ ചക്രവർത്തിയായ ചന്ദ്രഗുപ്തമൗര്യർ ആയിരുന്നു. ജൈനമതം സ്വീകരിച്ച അദ്ദേഹം രാജ്യത്ത് ഭക്ഷ്യക്ഷാമമുണ്ടായ അവസരത്തിൽ ദിഗംബരസന്യാസിയായ ഭദ്രബാഹുവിനോടൊപ്പം അനുയായികളുമായി കർണ്ണാടകയിലെ ശ്രാവണബെലഗോളയിലെത്തി. പിന്നീട് തെക്കേ ഇന്ത്യയുടെ പല ഭാഗങ്ങളിലേക്കും ജൈന സന്യാസിമാർ എത്തിച്ചേർന്നു.

ദിഗംബര സന്യാസിമാർക്ക് ശൈവ, ഹിന്ദു വിഭാഗങ്ങളിൽനിന്നും പലവിധത്തിലുള്ള ആക്രമണങ്ങൾ നേരിടേണ്ടിവന്നു. അങ്ങനെ ഒരു വിഭാഗം സന്യാസിമാർ കബനീതീരത്ത് പനമരം ഭാഗത്ത് എത്തിച്ചേർന്നു. ഇവരാണ് ബൈൽ നാട് എന്നറിയപ്പെട്ടിരുന്ന വയനാട്ടിൽ ജൈനമതം പ്രചരിപ്പിച്ചത്. കന്നടഭാഷ സംസാരിക്കുന്ന ഇവർ ഗൗഡ എന്ന നാമത്തിൽ അറിയപ്പെട്ടു. ബത്തേരി ജൈനക്ഷേത്രം പഴയകാലത്ത് കിടങ്ങാട് ബസ്തി എന്നും ബത്തേരിയുടെ പഴയ പേര് ഹെന്നരെട് ബെഥി എന്നും രേഖകളിൽ സൂചിപ്പിക്കുന്നു[1]. ജൈനസന്യാസിമാരുടെ പന്ത്രണ്ട് തെരുവുകൾ അഥവ വാസസ്ഥലങ്ങൾ എന്ന അർത്ഥത്തിലാണ് പ്രസ്തുത വാക്ക് ഉപയോഗിച്ചിരിക്കുന്നതെന്ന് എം.ആർ. രാഘവവാര്യർ അഭിപ്രായപ്പെടുന്നു. ബെന്നഗഡ്, ഹൊസനഗഡി എന്നീ സ്ഥലനാമങ്ങൾ കർണ്ണാടകയുമായുള്ള പഴയകാല ബന്ധത്തിന്റെ തെളിവാണ്.

വയനാട് കൂടാതെ ജൈനസ്വാധീനമുള്ള മറ്റൊരു മേഖലയാണ് കാസർഗോഡ് ജില്ല. ചതുർമുഖബസ്തിഎന്നറിയപ്പെടുന്ന ക്ഷേത്രത്തിൽ മഹാവീരന്റെയും, പാർശ്വനാഥൻ ആദിനാഥൻ, ചന്ദ്രപ്രഭ എന്നീ തീർത്ഥങ്കരന്മാരുടെയും വിഗ്രഹങ്ങൾ സ്ഥാപിച്ചിരിക്കുന്നു. പാലക്കാട് ജില്ലയിൽ ജൈനമേട് ക്ഷേത്രം പാർശ്വനാഥന്റെ വിഗ്രഹം പ്രതിഷ്ഠിച്ചിരിക്കുന്ന പുരാതന ക്ഷേത്രമാണ്. ഇരിഞ്ഞാലക്കട കൂടൽമാണിക്യം ഭരതേശ്വരക്ഷേത്രത്തിൽ ജൈനതീർത്ഥങ്കരനായ ഋഷഭദേവന്റെ മകനായ ഭരതനെയാണ് ആരാധിച്ചിരുന്നത്. എന്നാൽ പിന്നീട് ശ്രീരാമ സഹോദരനായ ഭരതന്റെ പേരിൽ അറിയപ്പെട്ടു തുടങ്ങി[2]. മൂവാറ്റുപുഴ കല്ലിൽ ഭഗവതി ക്ഷേത്രം ഒരിക്കൽ ജൈനക്ഷേത്രമായിരുന്നുവെന്നും ഇപ്പോഴും മഹാവീരന്റെയും പാർശ്വനാഥന്റെയും വിഗ്രഹങ്ങൾ ആരാധിക്കുന്നുവെന്നും മനസ്സിലാക്കാം.

സംഘകാലഘട്ടത്തിൽ ജൈനബുദ്ധമത വിശ്വാസം തമിഴ് ജനതയെ സ്വാധീനിച്ചിരുന്നുവെന്ന് പിൽക്കാല സംഘകൃതികളിൽനിന്നും വ്യക്തമാകുന്നു. മണിമേഖല, ചിലപ്പതികാരം, മധുരൈകാഞ്ചി, ജീവക ചിന്താമണി എന്നീ കൃതികൾ ഉദാഹരണങ്ങളാണ്. തമിഴ്നാടിന്റെ വടക്കൻപ്രദേശങ്ങളായ വെല്ലൂർ, വില്ലുപുരം, കാഞ്ചിപുരം, തഞ്ചാവൂർ, മധുര എന്നീ പ്രദേശങ്ങൾ ജൈനകേന്ദ്രങ്ങളായിരുന്നു. ജൈനസന്യാസിയായിരുന്ന വജ്രനന്ദിയുടെ അധ്യക്ഷതയിൽ ഒരു മതസമ്മേളനം മധുരയിൽ സംഘടിപ്പിച്ചിരുന്നു[3]. കന്യാകുമാരി ജില്ലയിലെ പ്രസിദ്ധ ജൈനക്ഷേത്രങ്ങളാണ് നാഗർകോവിൽ നാഗരാജ ക്ഷേത്രം, ഇപ്പോൾ ശിവക്ഷേത്രമായി ആരാധിക്കുന്ന തിരുനന്ദിക്കര, ചിതറാൾ ഭഗവതിക്ഷേത്രം മുതലായവ.

മലൈകോവിൽ എന്നറിയപ്പെടുന്ന ചിതറാൾ ഭഗവതി ക്ഷേത്രം ചരിത്രപൈതൃകം പേറുന്ന ജൈനക്ഷേത്രമായിരുന്നു. വിളവൻകോട് താലൂക്കിൽ ചിതറാൾ വില്ലേജിലാണ് തിരുച്ചരണത്ത് മലക്ഷേത്രം സ്ഥിതിചെയ്യുന്നത്. ചരണങ്ങൾ എന്നത് ജൈനസന്യാസിമാരെ സൂചിപ്പിക്കുന്നതായി ഡോ. എം.ജി.എസ്സ് നാരായണൻ അഭിപ്രായപ്പെടുന്നു.[4] തിരുചരണങ്ങൾ പതിഞ്ഞ് പവിത്രമായ ഇവിടത്തെ ജൈനവിഗ്രഹങ്ങൾ എ.ഡി. ഒൻപതാം നൂറ്റാണ്ടിൽ സ്ഥാപിച്ചതാണെ

ന്ന് കരുതുന്നു. എന്നാൽ എ.ഡി. പതിമൂന്നാം നൂറ്റാണ്ടു മുതൽ ഇത് ഒരു ഭഗവതിക്ഷേത്രമായി അറിയപ്പെടുന്നു. 1958 മുതൽ തമിഴ്നാട് ആർക്കിയോളജിക്കൽ ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള സംരക്ഷിത സ്മാരകമായ ക്ഷേത്രത്തിൽനിന്നും പതിനേഴ് ശാസനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ പന്ത്രണ്ടെണ്ണം ജൈനമതവുമായി ബന്ധപ്പെട്ടിരിക്കുന്നു. ബാക്കി അഞ്ചെണ്ണം ഭഗവതി ക്ഷേത്രത്തിന്റെ പരാമർശങ്ങൾ അടങ്ങിയവയാണ്.

ക്ഷേത്രത്തിനുസമീപത്തായി സ്ഥാപിച്ചിരിക്കുന്ന കൽസ്തൂപത്തിൽ തമിഴ്വട്ടെഴുത്തു ലിപിയിൽ രേഖപ്പെടുത്തിയിരിക്കുന്ന ശാസനത്തിൽ AD 1250 ൽ കീഴ് വെമ്പനാട്ടിലെ രാജവല്ലപുരത്തെ നാരായണൻ തിരുചരണത്ത് മല ഭഗവതി ക്ഷേത്രനടത്തിപ്പിലേക്ക് പണം നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നു[5]. ആയ് രാജാവായ വിക്രമാദിത്യ വരഗുണന്റെ ഇരുപത്തിയെട്ടാം ഭരണവർഷത്തിൽ രേഖപ്പെടുത്തിയ വട്ടെഴുത്ത് ലിപിയിലെ ശാസനത്തിൽ പേരയക്കുടി അരിട്ടനേമി ഭട്ടാരയുടെ ശിഷ്യനായ ഗുണൻ ദൻഗി കരട്ടിങ്ങൽ തിരുച്ചനാട്ട് മല ഭട്ടാരിയാർക്ക് സ്വർണ്ണാഭരണങ്ങൾ സമർപ്പിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു.[6] പേരയക്കുടി എന്നത് കഴുഗമല എന്ന പ്രദേശമാണെന്ന് കരുതുന്നു. കാരണം കഴുഗമല പ്രസിദ്ധമായ ജൈന കേന്ദ്രമായിരുന്നു. കൂടാതെ ഭട്ടാരർ അഥവ ഭട്ടാരി എന്ന പ്രത്യയം ജൈനസന്യാസിമാരെ സൂചിപ്പിക്കാൻ ഉപയോഗിച്ചിരുന്നു. എന്നാൽ പിന്നീട് ഹിന്ദുദൈവങ്ങളേയും പരാമർശിക്കാൻ ഇതേ പ്രത്യയം ഉപയോഗിച്ചിരിക്കുന്നു. പതിമൂന്നാം നൂറ്റാണ്ടിലെ മലയാളം വട്ടെഴുത്ത് ലിപിയിലുള്ള കുമാരനല്ലൂർ രേഖയിൽ ഭഗവതിയെ ഭട്ടാരിയാർ എന്നു വിശേഷിപ്പിക്കുന്നു.[7] തിരുനന്ദിക്കര രേഖയിൽ ശിവഭഗവാനെ തിരുനന്ദിക്കര ഭട്ടാരർ എന്നു സൂചിപ്പിക്കുന്നു.[8]

പ്രകൃതിദത്തമായ അതിവിശാലമായ കൂറ്റൻ പാറക്കൂട്ടങ്ങളാൽ നിർമ്മിക്കപ്പെട്ടതാണ് തിരുച്ചരണത്തു മല. ദിഗംബര സന്യാസിമാരുടെ ജീവിതത്തിനും ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിനും യോജിച്ച തിരുച്ചരണത്ത് പള്ളി ഒരു വിദ്യാഭ്യാസ സ്ഥാപനം കൂടിയായിരുന്നെന്ന് രേഖകളിൽനിന്നും മനസ്സിലാക്കാം. പതിനാറ് കൽത്തൂണുകളോട് കൂടിയ മഹാമണ്ഡപത്തിൽ മഹാവീരൻ, പാർശ്വനാഥൻ, പത്മാവതി മറ്റ് തീർത്ഥങ്കരൻമാർ തുടങ്ങിയവരുടെ അർദ്ധപത്മാസന രൂപത്തിലുള്ള വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ചിട്ടുണ്ട്. കൽത്തൂണുകളിൽ യക്ഷൻ, യക്ഷിണി, ജ്വാലാമാലിനി എന്നിവരുടെ ശില്പങ്ങൾ ആലേഖനം ചെയ്തിട്ടുണ്ട്. യക്ഷൻമാരെ ശാസന ദേവൻമാർ എന്നറിയപ്പെടുന്നു. മുഖ്യപ്രതിഷ്ഠകളുടെ ഉപദേവൻമാരായി ഇവർ നിലകൊള്ളുന്നു. പതിനാറ് വിദ്യാദേവി സങ്കല്പവും ജൈനമതത്തിനുണ്ട്. യക്ഷിണിമാർ പിന്നീട് ഹിന്ദുദേവതമാരായി പൂജിക്കപ്പെട്ടിരുന്നതായി രേഖകൾ സൂചിപ്പിക്കുന്നു.

മഹാമണ്ഡപത്തിനു മുന്നിലായി വരാന്തയിലാണ് കൽത്തൂണുകൾ. അവയ്ക്ക് സമീപത്തായി ബലിപീഠം സ്ഥാപിച്ചിരിക്കുന്നു. സമീപത്തായി മടപ്പള്ളി അഥവ അടുക്കള സ്ഥിതിചെയ്യുന്നു. മഹാമണ്ഡപത്തിനു സമീപത്തായി നിർമ്മിച്ചിരിക്കുന്ന ശില്പങ്ങളിൽ ആന, സിംഹം, മത്സ്യം, കുരങ്ങ്, സർപ്പം എന്നീ രൂപങ്ങളും കാണാം. പ്രകൃതിയോടിണങ്ങി വനാന്തർഭാഗങ്ങളിൽ വസിച്ചിരുന്ന ജൈനൻമാർ നാഗാരാധനക്ക് പ്രത്യേക പരിഗണന നല്കിയിരുന്നു. മഹാമണ്ഡപത്തിനു മുകളിലായി ശില്പഭംഗിയിൽ ചെറുഗോപുരം സ്ഥിതിചെയ്യുന്നു. ക്ഷേത്രത്തിനു സമീപത്തായി ജലലഭ്യതയുള്ള ഒരു കുളം കാണാം.

കർണ്ണാടകയിലെ ശ്രാവണബെലഗോളയിലെ ജൈനക്ഷേത്രവും തിരുച്ചരണത്തുമലക്ഷേത്രവും തമ്മിൽ സാദൃശ്യമുണ്ട്. ഇവ രണ്ടും അതിവിശാലമായ പാറക്കൂട്ടങ്ങൾക്ക് മുകളിലായി


ISSN: 2582 - 2594

സ്ഥിതിചെയ്യുന്നു. ഒറ്റക്കല്ലിൽത്തീർത്ത ഗോമതേശ്വര പ്രതിമയും കുളവും ശില്പഭംഗിയും കൊത്തുപണികളും ഇവിടത്തെ പ്രത്യേകതയാണ്. പാറയുടെ ഉപരിതലത്തിൽ നിരവധി ശാസനങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു.

ഇപ്പോൾ മുത്താരമ്മൻ ദേവീക്ഷേത്രമെന്നറിയപ്പെടുന്ന മലെക്കോവിലിലെ പ്രധാന ഉത്സവം പത്തു ദിവസങ്ങളിലായി ആഘോഷിക്കുന്നു. ഇടവമാസത്തിലെ അനിഴം നക്ഷത്രത്തിൽ ആറാട്ടോടുകൂടിയാണ് ഉത്സവം സമാപിക്കുന്നത്. ഒൻപതാം ദിവസം ദേവിയെ വേട്ടക്കെഴുന്നെള്ളിക്കുമ്പോൾ കൊടിമരച്ചുവട്ടിൽ വച്ച് ക്ഷേത്രതന്ത്രി ഭാരവാഹികളോട് ചോദിക്കും "തിരുച്ചനാട്ട് മല ഭഗവതിയമ്മയെ നെടുമങ്ങാട് കിളിക്കോട്ട് മഠത്തിലേക്ക് എഴുന്നെള്ളിക്കാൻ വഴിയും വെട്ടി ആനയും വന്നിട്ടുണ്ടോ?" "കീഴ്പതിവുപോലെ" എന്നു മറുപടി. തുടർന്ന് പാറപ്പുറത്ത് വച്ച് വേട്ട ചടങ്ങുകൾ നടക്കുമ്പോൾ അടുത്ത ചോദ്യം "നമ്പച്ചിക്കുറുപ്പും തട്ടുകുടി വീട്ടുകാരും വന്നിട്ടുണ്ടോ?" "കീഴ്പതിവുപോലെ" എന്നു മറുപടി. തിരുച്ചനാട്ട് ഭഗവതിയും നെടുമങ്ങാട് കിളിക്കോട്ടു മഠവും തമ്മിൽ അഭേദ്യബന്ധമുണ്ടെന്ന സൂചനയാണ് ഈ വരികൾ നൽകുന്നത്. ഐതിഹ്യമനുസരിച്ച് ജൈനദേവിയായ പത്മാവതിയുടെ അവതാരമാണ് കിളിക്കോട്ട് മഠത്തിലമ്മ.[9] ഇങ്ങനെ ചരിത്രവും ഐതിഹ്യവും കെട്ടുപിണഞ്ഞു കിടക്കുന്ന പ്രകൃതിയുടെ വരദാനമാണ് നൂറ്റാണ്ടുകൾ പഴക്കമുള്ള ഈ ഗുഹാക്ഷേത്രം.

ജൈനമതത്തിന്റെ സ്വാധീനം തെക്കേ ഇന്ത്യയിലുടനീളം ഇന്നും നിലനിൽക്കുന്നതായി മനസ്സിലാക്കാം. ഭക്തിപ്രസ്ഥാനത്തിന്റെ സ്വാധീനംമൂലം ജൈനബുദ്ധക്ഷേത്രങ്ങൾ ശൈവ വൈഷ്ണവ സങ്കല്പങ്ങളിലേക്ക് മാറ്റപ്പെടുകയും രാജാക്കൻമാർ ആഴ്‌വാർ, നായനാർ എന്നീ സ്ഥാനപ്പേരുകൾ സ്വീകരിക്കുകയും ചെയ്തു. രാജാക്കൻമാരുടെ പ്രോത്സാഹനം നഷ്ടമായതോടെ ക്രമേണ ജൈനതത്വങ്ങൾക്ക് മങ്ങലേറ്റു തുടങ്ങി. ഹിന്ദുക്ഷേത്രങ്ങളായി പരിണമിച്ചെങ്കിലും അവയ്ക്ക് ശില്പഭംഗിയിലോ കൊത്തുപണിക്കോ കോട്ടം തട്ടിയിട്ടില്ല. കൂറ്റൻപാറകൾ തുരന്ന് നിർമ്മിച്ചിരിക്കുന്ന മഹാമണ്ഡപങ്ങളും വിഗ്രഹങ്ങളും കൽസ്തൂപങ്ങളും പഴയ നിർമ്മിതികൾക്കായി ഉപയോഗിച്ചിരുന്ന സാങ്കേതികവിദ്യയും ചരിത്രാന്വേഷികൾക്ക് വിസ്മയമാണ്. മതത്തിന്റെ സംരക്ഷിത കവചത്തിനുള്ളിൽ ഈ സ്മാരകങ്ങൾ സുരക്ഷിതമായി ഇന്നും നിലകൊള്ളുന്നു.

## റഫറൻസ്


1. രാഘവ വാര്യർ, എം ആർ, ജൈനമതം കേരളത്തിൽ, നാഷണൽ ബുക്ക്സ്, കോട്ടയം, 2012, പു.86.
2. ശ്രീധരമേനോൻ എ, എ സർവെ ഓഫ് കേരള ഹിസ്റ്ററി, ഡി സി ബുക്ക്സ്, കോട്ടയം, 2007, പു. 84.
3. ഉപീന്ദർ സിങ്, എ ഹിസ്റ്ററി ഓഫ് ഏൻഷ്യന്റ് ആന്റ് മിഡീവൽ ഇന്ത്യ, പിയേഴ്സൺ പബ്ലിഷേഴ്സ്, ന്യൂഡൽഹി, 2012, പു. 525.
4. ഡോ. എം.ജി.എസ് നാരായണൻ. പെരുമാൾസ് ഓഫ് കേരള, കോസ്മോ ബുക്ക്സ്, തൃശ്ശൂർ, 2018, പു. 342.
5. ട്രാവൻകൂർ ആർക്കിയോളജിക്കൽ സീരീസ് (ടി.എ. എസ്), വാല്യം 1, പു.284.
6. ടി.എ.എസ്, വാല്യം 1, പു.284.
7. ടി.എ.എസ്, വാല്യം II, പു.192 - 196.
8. ടി.എ.എസ്, വാല്യം IV, പു.144 - 145.
9. വെള്ളനാട് രാമചന്ദ്രൻ, നെടുമങ്ങാട് നൂറ്റാണ്ടുകളിലൂടെ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2023, വാല്യം V, പു. 241 - 244.